<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1664</u> <u>08-12-2022 - ൽ മറുപടിയ്ക്ക്</u>

<u>കോസ്റ്റൽ ഹൈവേ റീച്ച്-1 ന്റെ നിർമ്മാണം - ഭൂമി ഏറ്റെടുക്കൽ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കോസ്റ്റൽ ഹൈവേ റീച്ച്-1 (സൗത്ത് ചെല്ലാനം-ഫോർട്ട് കൊച്ചി) ന്റെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ; | (എ) | കോസ്റ്റൽ ഹൈവേ പദ്ധതിക്കായ് എറണാകുളം ജില്ലയിലെ ചെല്ലാനം കുംബളങ്ങി, പള്ളുരുത്തി, രാമേശ്വരം, ഫോർട് കൊച്ചി, പുതുവൈപ്പ്, എളകുന്നപ്പുഴ, ഞാറയ്ക്കൽ നായരമ്പലം, എടവനക്കാട്, കുഴിപ്പള്ളി പള്ളിപ്പുറം വില്ലേജുകളിൽ ഉൾപ്പെട്ട 58.4 ഹെക്ടർ ഭൂമി LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 06.04.2022 ലെ സ.ഉ(ആർ.റ്റി) നമ്പർ 1582/2022/റ പ്രകാരം അനുമതി നല്കിയിട്ടുള്ളതും ലാൻഡ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ), കിഫ്ബി എറണാകുളത്തിനെ നിയമിച്ചിട്ടുള്ളതാണ് ഇതിൽ ചെല്ലാനം - ഫോർട്ട് കൊച്ചി ഫസ്റ്റ് റീച്ചിൽ 9.42 ഹെക്ടർ ഭൂമി ആണ് ഏറ്റെടുക്കേണ്ടത്.<br><br>Survey & boundaries Act, 1961 പ്രകാരമുള്ള 6(1) വിജ്ഞാപനം 13.06.2022 തീയതി പ്രസിദ്ധീകരിച്ചിട്ടുള്ളതും പദ്ധതിക്കായുള്ള ആനുഷാംഗിക ചാർജ്ജ് 09.11.2022 അർത്ഥനാധികാരി നിക്ഷേപിച്ചിട്ടുള്ളതുമാണ്. കോസ്റ്റൽ ഹൈവേ റീച്ച് 1 അലൈൻമെന്റ് പ്രകാരമുള്ള അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി പുരോഗമിച്ചുവരുന്നു. SIA പഠനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | അലൈൻമെന്റ് പ്രകാരമുള്ള അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവർത്തി പുരോഗമിച്ചുവരുന്നു. LARR Act, 2013 പ്രകാരം SIA പഠനം പൂർത്തിയാക്കി പ്രാഥമിക വിജ്ഞാപനമായ 11(1) നിയമപരമായി |

| | | | |
|---|---|---|---|
| | | | പരസ്യപ്പെടുത്തിയതിന് ശേഷം മാത്രമെ സെക്ഷൻ 12 പ്രകാരമുള്ള സർവ്വേ നടപടികൾ ആരംഭിക്കുകയുള്ളൂ. |
| (സി) | ഭൂമിയേറ്റെടുക്കൽ എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും ഇതിനായി ശേഷിക്കുന്ന നടപടിക്രമങ്ങളും വിശദമാക്കുമോ? | (സി) | RFCT LARR നിയമം 2013 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് നിയമപരമായി അനുവദനീയമായ സമയപരിധിക്കുള്ളിൽ ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ